ശസ്ത്രക്രിയാ നൂൽ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ

100 [818] ശ്രീ. വി. കെ. ചന്ദ്രൻ:
„ എം. വി. ഗോവിന്ദൻമാസ്റ്റർ:
„ പിരപ്പൻകോട് മുരളി:
„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമുള്ള ശസ്ത്രക്രിയാ നൂൽ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പട്ടികയിൽ ഉൾപ്പെടുത്താതെയാണ് ശസ്ത്രക്രിയാ നൂൽ വാങ്ങിയതെന്നറിയുന്നത് ശരിയാണോ; എങ്കിൽ ഇതിന് കാരണമെന്താണ്;

(സി) സി.പി.സി. ലിസ്റ്റിൽപ്പെടുത്താത്തതു കാരണം ആശുപത്രികളിൽ ഇപ്പോൾ കൂടിയ വിലയ്ക്ക് ശസ്ത്രക്രിയാ നൂൽ പ്രാദേശിക വിപണിയിൽനിന്നും വാങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശസ്ത്രക്രിയാ നൂൽ വിതരണം ചെയ്യുന്നതിന് ഏതെല്ലാം കമ്പനികൾക്കാണ് കരാർ ഉറപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ശസ്ത്രക്രിയാ നൂൽ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നോ; പ്രസ്തുത ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനികളെ ഒഴിവാക്കി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ബഹുരാഷ്ട്ര കമ്പനികൾക്ക് കരാർ ഉറപ്പിച്ചുനൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) മൊത്തം എന്തുതുകയുടെ നൂലാണ് ഇത്തവണ വാങ്ങുന്നത് എന്ന് അറിയിക്കാമോ;

(ജി) നൂൽ വാങ്ങുന്നതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമുള്ള ശസ്ത്രക്രിയാ നൂൽ വാങ്ങുന്നത് സെൻട്രൽ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുന്ന കമ്പനികളിൽ നിന്നും സി.പി.സി. ഉറപ്പിക്കുന്ന വിലയ്ക്കാണ്. ഈ വർഷം സി.പി.സി. ശസ്ത്രക്രിയാ നൂൽ വിതരണം ചെയ്യുന്ന 5 കമ്പനികളെ മാനദണ്ഡങ്ങൾക്ക് വിധേയമായി സി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുവാനായി തുടക്കത്തിൽ തിരഞ്ഞെടുക്കുകയുണ്ടായി. ഹിന്ദുസ്ഥാൻ

LIBRARY ARCHIVES Kerala Legislative Assembly

ലാറ്റക്സ് എന്ന പൊതുമേഖലാ സ്ഥാപനവും രജിസ്ട്രേഷന് അപേക്ഷിച്ചിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ടെണ്ടർകൂടി പരിഗണിക്കുകയും ഗുണനിലവാര പരിശോധനയ്ക്കായി 6 കമ്പനികളും സമർപ്പിച്ച സാമ്പിളുകൾ വിദഗ്ദ്ധ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് പരിശോധനക്കയയ്ക്കുകയും ചെയ്തു. എന്നാൽ എല്ലായിനം നൂലുകളും പരിശോധിക്കാഞ്ഞ സാഹചര്യത്തിൽ സാമ്പിളുകൾ ബോംബെയിലുള്ള സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധനക്കയച്ചിരിക്കുകയാണ്.

(സി) സി.പി.സി. കരാർ പൂർത്തിയാക്കി പർച്ചേസ് നടത്താൻ തീരുമാനമാകാത്ത സാഹചര്യത്തിൽ അത്യാവശ്യ സന്ദർഭങ്ങളിൽ പ്രാദേശിക വിപണിയിൽനിന്ന് വാങ്ങുകയല്ലാതെ നിവൃത്തിയില്ല.

(ഡി) ഇതുവരെ കരാർ ഉറപ്പിച്ച് ഒരു കമ്പനിക്കും നൽകിയിട്ടില്ല.

(ഇ) ശസ്ത്രക്രിയാ നൂൽ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ആർക്കും തന്നെ കരാർ ഉറപ്പിച്ചു നൽകിയിട്ടില്ല.

(എഫ്) കരാർ ഉറപ്പിച്ചതിനുശേഷം ശേഷിക്കുന്ന മാസത്തേക്ക് ഓരോ ജില്ലയ്ക്കും ആവശ്യമുള്ള നൂലുകൾ അവരുടെ അപ്പോഴത്തെ ഇൻഡന്റ് അനുസരിച്ച് വാങ്ങി നൽകുന്നതാണ്. ആയതിനാൽ എന്തു തുകയുടെ നൂൽ വാങ്ങേണ്ടിവരും എന്ന കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ജി) ഇതുവരെ കരാർ ഉറപ്പിക്കുകയോ നൂൽ വാങ്ങുകയോ ചെയ്തിട്ടില്ല.

ആശുപത്രികളിലെ മരുന്നുകൾക്കുള്ള സ്റ്റോറേജ് സംവിധാനം

101 [820] ശ്രീ. പി. എസ്. സുപാൽ:

„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് നൽകുന്നതും വാങ്ങുന്നതുമായ മരുന്നുകൾ അവയുടെ ഗുണനിലവാരം സംരക്ഷിക്കപ്പെടുന്ന രീതിയിൽ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിലെ സ്റ്റോറേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം സാഹചര്യം നിലവിലില്ല.

(ബി) പി. എച്ച്. സി., സി. എച്ച്. സി., താലൂക്കാശുപത്രി, ജില്ലാ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ മരുന്നു സംഭരിക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly